# FOCUS AREA :+2 മലയാളം നോട്ട്

## Higher Secondary Malayalam Class

# പ്രകാശം ജലം പോലെയാണ്

**ഗബ്രിയേൽ ഗാർസിയ മാർക്വെസ്**
**വിവർത്തനം : ചന്ദ്രമതി**




കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള തുറമുഖ നഗരമാണ് കാട്ജിന . ഈ കഥയിലെ പ്രധാന കഥാപാത്രങ്ങളായ ടോട്ടോ , ജോവൽ എന്നീ കുട്ടികൾ കുട്ടിക്കാലം ചെലവഴിച്ചതവിടെയാണ്. വള്ളം വയ്ക്കാൻ ഷെഡും ബോട്ടടുപ്പിക്കാൻ സ്ഥലവും വിശാലമായ മുറ്റവുമുള്ള കാട്ജിനയിലെ വീട്ടിൽ നിന്ന് അവർ പറിച്ചു മാറ്റപ്പെടുന്നിടത്തു നിന്നാണ് മാർക്വെസിന്റെ ' പ്രകാശം ജലം പോലെയാണ് ' എന്ന കഥ ആരംഭിക്കുന്നത്.

ഇപ്പോൾ അവർ യൂറോപ്യൻ പരിഷ്കൃതനഗരമായ മാഡ്രിഡിലാണ് താമസിക്കുന്നത്. ഒരു വലിയ ഫ്ലാറ്റ് സമുച്ചയത്തിലെ അഞ്ചാം നിലയിലെ അപ്പാർട്ടുമെന്റിൽ അച്ഛനമ്മമാർക്കൊപ്പം കഴിയുന്നു. കടൽ മുറ്റത്തിന്റെ വിശാലവിസ്തൃതിയിൽ നിന്നും ഫ്ലാറ്റിന്റെ കൃത്യ ചതുരത്തിലേക്കും നിശ്ചലതയിലേക്കും കുട്ടികൾ എത്തിച്ചേർന്നിരിക്കുന്നു. ഈയൊരു പ്രവാസത്തിന്റെ  സംത്രാസത്തെയാണ് കഥാകാരൻ കഥയിൽ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്.

ഫ്ലാറ്റിലെത്തിയപാടേ അവർ മാതാപിതാക്കളോട് ആവശ്യപ്പെടുന്നത് ഒരു തുഴവള്ളമാണ്. ഫ്ലാറ്റിനകത്ത് അകപ്പെട്ടപ്പോഴും തങ്ങളുടെ ജൈവ ചോദനങ്ങൾ കൈവിടാൻ കുട്ടികൾ തയ്യാറാവുന്നില്ല എന്നാണ് നാം മനസ്സിലാക്കേണ്ടത്. ഫ്ലാറ്റിൽ വള്ളം തുഴയാൻ ഷവറിൽ നിന്നു വരുന്ന വെള്ളമല്ലേയുള്ളൂ എന്ന് അമ്മ മറുപടി പറയുന്നു. പഠനത്തിൽ മികവ് പുലർത്തി സമ്മാനം വാങ്ങിയാൽ തുഴവള്ളം വാങ്ങിത്തരാമെന്ന് മാതാപിതാക്കൾ ഒരുമിച്ച് വാഗ്ദാനം ചെയ്യുന്നു.

കുട്ടികളുടെ മനസു നിറയെ തുഴവള്ളവും കടലും ഒക്കെയാണ്. ഭൂതകാലത്തിലെ ആ സൗഭാഗ്യങ്ങൾ തിരിച്ചുപിടിക്കാൻ അവർ പരിശ്രമിക്കുന്നു. നന്നായി പഠിച്ച് അവർ സമ്മാനം വാങ്ങുന്നു. പിതാവ് വാഗ്ദാനം ചെയ്ത പോലെ തുഴവള്ളം വാങ്ങിക്കൊടുക്കുന്നു.

ഫ്ലാറ്റിലെ കാർഷെഡ്ഡിലാണ് തുഴവള്ളം കൊണ്ടു വച്ചത്. പിന്നീട് കൂട്ടുകാരുടെ സഹായത്തോടെ , അഞ്ചാം നിലയിലെ അപ്പാർട്ടുമെന്റിലെ മുറിയിലേക്ക് വള്ളത്തെ വലച്ചു കയറ്റി.

ഒരു കവിതാ ചർച്ചയ്ക്കിടയിൽ – സ്വിച്ചിൽ തൊട്ടാൽ പ്രകാശം വരുന്നതെങ്ങനെ എന്ന് അച്ഛനോട് ചോദിക്കുന്നു ടോട്ടോ. ടാപ്പ് തുറന്നാൽ ജലമൊഴുകുന്നതു പോലെ സ്വിച്ചിൽ തൊട്ടാൽ പ്രകാശമൊഴുമെന്നൊരു ഭാവന അയാൾ അവതരിപ്പിക്കുന്നു. പ്രകാശം ജലം പോലെയാണ് എന്നാണ് അച്ഛൻ നൽകിയ വിശദീകരണം. ഇവിടം മുതലാണ് കഥാഖ്യാനത്തിൽ (കഥ പറച്ചിലിൽ ) മാജിക്കൽ റിയലിസമെന്ന  രചനാസങ്കേതത്തെ മാർക്വെസ് പ്രയോജനപ്പെടുത്തുന്നത്. അച്ഛനല്ല, ആഖ്യാതാവുതന്നെയാണ് കഥയിൽ പ്രത്യക്ഷപ്പെട്ട് ടോട്ടോയുടെ മനസ്സിനെ മാന്ത്രികതയിലേക്ക് നയിക്കുന്നതെന്ന വായനയും ഇവിടെ സാധ്യമാണ്.

പ്രകാശമുള്ള ഒരു വിളക്ക് ( ബൾബ് ) കുട്ടികൾ പൊട്ടിക്കുന്നു. സ്വർണ പ്രകാശം മുറിയാകെ ഒഴുകി. പ്രകാശ ജലത്തിൽ കുട്ടികൾ വള്ളം തുഴയുന്നതായി ചിത്രീകരിച്ചിരിക്കുന്നു. തങ്ങൾക്ക് നഷ്ടപ്പെട്ട പോയ പ്രകൃതിയെ വീണ്ടെടുക്കുകയാണിവിടെ കുട്ടികൾ. യഥാർഥത്തിൽ മാഡ്രിഡിനെ കാട്ജിനയാക്കി മാറ്റുകയാണ് അവർ.

**(🎄നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 💡സ്കോർ 4 )**

**💡Q 1 . "പ്രകാരം ജലം പോലെയാണ്. ടാപ്പ് തുറന്നാൽ മതി കുതിച്ചൊഴുകും " . ഈ വാക്യത്തിന് കഥയിലുള്ള പ്രാധാന്യമെന്ത്?**

✅ മാന്ത്രിക യാഥാർത്ഥ്യത്തിന്റെ വശ്യസൗന്ദര്യം കൊണ്ട് ലോകത്തെ വിസ്മയിപ്പിച്ച മാർക്വേസിന്റെ , പ്രകാശം ജലം പോലെയാണ് എന്ന കഥയെ മാന്ത്രികാന്തരീക്ഷത്തിലേക്ക് നയിക്കുന്നത് ഈ വാക്യമാണ്. ഒരു ചർച്ചയ്ക്കിടയിൽ ആഖ്യാതാവ് ടോട്ടോയോടു പറഞ്ഞ ഈ വാക്യം കുട്ടികൾക്ക് ഭാവനാ ലോകത്തിന്റെ കവാടം തുറന്നു കൊടുക്കുന്നു. കാട്ജിനെയിൽ നിന്ന് പലായനം ചെയ്തപ്പോൾ കുട്ടികൾക്ക് നഷ്ടമായ ബാല്യ സൗഭാഗ്യങ്ങൾ അവർ മാഡ്രിഡിൽ പുനഃസൃഷ്ടിക്കുന്നു. ടാപ്പിൽ നിന്ന് വരുന്ന വെള്ളം മാത്രമുള്ള കുടുസു ഫ്ലാറ്റിനുള്ളിൽ പ്രകാശജലാശയം സൃഷ്ടിച്ച് അതിൽ വള്ളം തുഴഞ്ഞ് രസിക്കാനും മുങ്ങിത്തപ്പാനും ബോട്ടപകടം സൃഷ്ടിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നത് ആഖ്യാതാവിന്റെ ഈ പരാമർശം കുട്ടികൾക്ക് മുന്നിൽ തുറന്നിട്ട ഭാവനയുടെ സാദ്ധ്യതകളാണ്.

**💡Q 2 . കാട്ജിനെ , മാഡ്രിഡ് എന്നീ സ്ഥലങ്ങൾക്ക് പ്രകാശം ജലം പോലെയാണ് എന്ന കഥയിലുള്ള പ്രാധാന്യമെന്ത് ?**

✅ മാർക്വേസിന്റെ പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ ടോട്ടോ , ജോവൽ എന്നീ എലിമന്ററി സ്കൂൾ കുട്ടികളുടെ ജന്മ ദേശമാണ് കാട്ജിനെ. കൊളംബിയയിലെ ഒരു തുറമുഖ പട്ടണം. കടലും കടൽത്തീരവും വള്ളവും ധാരാളം കളിയിടങ്ങളുമുള്ള കാട് ജിനെയിൽ ഉല്ലാസഭരിതമായ ജീവിതമാണ് അവർ നയിച്ചത്. അച്ഛൻ ചൂത് കളിച്ചുണ്ടായ കടം വീട്ടുക എന്ന ലക്ഷ്യത്തോടെയാണ് ആ കുടുംബം സ്പെയിനിലെ പരിഷ്കൃത നഗരമായ മാഡ്രിഡിലേക്ക് കുടിയേറിയത്. കടലും കളിയിടങ്ങളും ഉള്ള കാട് ജിനെയിൽ നിന്ന് നദിയോ മറ്റ് ജലാശയങ്ങളോ ഇല്ലാത്ത പൊള്ളുന്ന വേനലുള്ള മാഡ്രിഡിലെ കുടുസ് ഫ്ലാറ്റിലേക്ക് ഒതുങ്ങിക്കൂടേണ്ടി വന്ന ടോട്ടോവും ജോവലും അനുഭവിക്കുന്ന ആത്മസംഘർഷവും അത് മറികടക്കാൻ അവർ നടത്തുന്ന ഭാവനാ സഞ്ചാരവുമാണ് ഈ കഥയുടെ മുഖ്യ പ്രമേയം. അതുകൊണ്ട് ഈ രണ്ട് സ്ഥലങ്ങൾക്ക് കഥയിൽ വലിയ പ്രാധാന്യമുണ്ട് .

**💡Q 3 . കൊളംബിയയിൽ അധിനിവേശം നടത്തിയ സ്പെയിനിനോട് എഴുത്തുകാരന്റെ ഉള്ളിൽ നീറുന്ന പ്രതിഷേധത്തിന്റെ സൂചനകൾ പ്രകാശം ജലം പോലെയാണ് എന്ന കഥയിൽ കണ്ടെത്താനാവുമോ? കുറിപ്പെഴുതുക.**

✅ കൊളംബിയൻ എഴുത്തുകാരനായ മാർക്വേസിന്റെ പ്രകാശം ജലം പോലെയാണ് എന്ന കഥയ്ക്ക് ചില രാഷ്ട്രീയ മാനങ്ങൾ ഉണ്ട്. കൊളംബിയയിൽ അധിനിവേശം നടത്തിയ സ്പെയിനിനോട് ഉള്ളിൽ നീരസം ഉള്ള എഴുത്തുകാരനാണ് മാർക്വേസ്.  അതിന്റെ സൂചനകൾ പ്രകാശം ജലം പോലെയാണ് എന്ന കഥയിൽ കാണാം. സ്പെയിനിന്റെ പ്രിയ പുഷ്പമായ ജറാനിയത്തിന്റെ ചെടിച്ചട്ടിയിൽ സ്കൂളിലെ കുട്ടികൾ മൂത്രമൊഴിക്കുന്നു. അവർ സ്പെയിനിന്റെ ദേശീയ ഗാനത്തിന് പാരഡി ഉണ്ടാക്കി പാടുന്നു. കഥയുടെ അന്ത്യത്തിൽ സ്പെയിനിനെക്കുറിച്ച് ' നദിയോ കടലോ ഇല്ലാത്ത പ്രകാശത്തിൽ തുഴഞ്ഞു നടക്കുന്ന ശാസ്ത്രം ഒരിക്കലും സ്വന്തമാക്കാത്ത ആളുകളുള്ള മാഡ്രിഡ് '  എന്ന പരാമർശത്തിൽ മാജിക്കൽ റിയലിസത്തിന്റെ വശ്യ സൗന്ദര്യം ഒരിക്കലും മനസിലാവാത്ത അരസികന്മാർ ജീവിക്കുന്ന മാഡ്രിഡ് എന്ന സൂചനയാണു ഉള്ളത്. ഇവിടെയെല്ലാം മാർക്വേസിന് സ്പെയിനിനോടുള്ള നീരസം പ്രകടമാണ്.

**💡4 . കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിലും ഭാവനാത്മകമായ ജീവിതം കരുപ്പിടിപ്പിക്കുന്നതിലും മുതിർന്നവർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പ്രകാശം ജലം പോലെയാണ് എന്ന കഥയിൽ നിന്ന് ഇതിനുള്ള തെളിവുകൾ കണ്ടെത്തി എഴുതുക.**

✅ ഗബ്രിയേൽ ഗാർസ്യ മാർക്വേസ് എഴുതിയ പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ ടോട്ടോവും ജോവലും ബുദ്ധിശാലികളും ഭാവനാശാലികളും ആണ്. അവരെ അത്തരത്തിൽ വളർത്തുന്നതിൽ ഈ കഥയിലെ മുതിർന്നവരായ അച്ഛനമ്മമാർക്കും ആഖ്യാതാവിനും വലിയ പങ്കുണ്ട്. കുട്ടികളുടെ ആഗ്രഹങ്ങളായ കളിവള്ളവും മുങ്ങൽ വേഷങ്ങളും വാങ്ങികൊടുക്കാം എന്ന വാഗ്ദാനം നൽകിക്കൊണ്ട് അവരെ പഠനത്തിൽ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കൾ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ആ വാക്ക് പാലിക്കുന്നു. കാട് ജിനെയിലെ സുന്ദരജീവിതം നഷ്ടപ്പെട്ടതിന്റെ സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് മാഡ്രിഡിൽ സ്വാതന്ത്ര്യവും പിൻതുണയും വേണ്ടത്ര നൽകിക്കൊണ്ട് അവരുടെ വ്യക്തിത്വ വളർച്ചയ്ക്ക് പിൻതുണയാവുന്നുണ്ട് മാതാപിതാക്കൾ . വേണമെന്ന് വച്ചാൽ ഇവർ ടീച്ചറിന്റെ കസേര പോലും നേടിയെടുക്കും എന്ന് അമ്മ കുട്ടികളെക്കുറിച്ച് പറയുന്ന വാക്യത്തിലുമുണ്ട് മക്കളുടെ പ്രവർത്തന മികവിനെക്കുറിച്ചുള്ള അഭിമാനം.മാഡ്രിഡിലെ കുടുസുമുറിയിൽ കാട് ജിനെ പുനഃസൃഷ്ടിക്കുന്ന മായിക സഞ്ചാരങ്ങളിലേക്ക് കുട്ടികളെ നയിക്കുന്നതും മുതിർന്ന കഥാപാത്രമായ ആഖ്യാതാവ് പറഞ്ഞ പ്രകാശം ജലം പോലെയാണ് എന്ന പരാമർശമാണ്.

( 🌲 ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 🎁 സ്കോർ 6 )

**💡 Q 1 . മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതം പ്രകാശം ജലം പോലെയാണ് എന്ന കഥയുടെ പ്രമേയാവിഷ്കാരത്തിന് പ്രയോജനപ്പെടുത്തിയിരിക്കുന്നതെങ്ങനെ എന്ന് വിശദീകരിക്കുക.**

✅ ലാറ്റിനമേരിക്കൻ സാഹിത്യത്തിൽ രൂപപ്പെടുകയും ലോകമെമ്പാടും പ്രചാരം നേടുകയും ചെയ്ത രചനാ സങ്കേതമാണ് മാജിക്കൽ റിയലിസം അഥവാ മാന്ത്രിക യാഥാർത്ഥ്യം. 1982 ൽ നോബൽ സമ്മാനം നേടിയ ഗബ്രിയേൽ ഗാർസ്യ മാർക്വെസിന്റെ രചനകളാണ് മാജിക്കൽ റിയലിസത്തിന്റെ വിശ്വവ്യാപക പ്രചാരത്തിന് മുഖ്യ കാരണമായത്.

പ്രമേയം യാഥാർത്ഥ്യമായിരിക്കുകയും അതിന്റെ അവതരണം മാന്ത്രികമായിരിക്കുകയും ചെയ്യുക എന്നതാണ് മാജിക്കൽ റിയലിസത്തിന്റെ സവിശേഷത. ഒരു യഥാർത്ഥ വിഷയത്തെ മാന്ത്രികമായ അന്തരീക്ഷത്തിൽ മാന്ത്രികരംഗങ്ങളിലൂടെ അവതരിപ്പിക്കുക എന്നർത്ഥം.

ഗാബോയുടെ ( മാർക്വെസ് ) പ്രകാശം ജലം പോലെയാണ് എന്ന കഥയിൽ ഉപയോഗിച്ചിരിക്കുന്നത് മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതമാണ്.

കൊളംബിയയിലെ കാട്ജിനെ എന്ന തുറമുഖ പട്ടണത്തിൽ നിന്ന് സ്പെയിനിലെ മാഡ്രിഡ് എന്ന പരിഷ്കൃത നഗരത്തിലേക്ക് കുടിയേറേണ്ടി വന്ന ടോട്ടോ , ജോവൽ എന്നീ കൊച്ചു കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷവും അത് മറികടക്കാൻ അവർ നടത്തുന്ന ശ്രമങ്ങളുമാണ് ഈ കഥയിലെ പ്രമേയം . കാട് ജിനെയിലെ കടലോരവും കളിയിടങ്ങളും നഷ്ടപ്പെട്ട് മാഡ്രിഡിലെ കുടുസ് ഫ്ലാറ്റിലേക്ക് ഒതുങ്ങിക്കൂടേണ്ടി വന്ന കുട്ടികൾ ആ മുറിയിൽ ഭാവനയിലൂടെ കാട്ജിനെ പുനഃസൃഷ്ടിക്കുന്നു. ഇവിടെയാണ് കഥയിൽ മാന്ത്രികത ഉപയോഗിക്കുന്നത്. ബൾബ് തുറന്ന് വിട്ട് മുറിയിൽ പ്രകാശം തളം കെട്ടി നിർത്തുന്നതും അവർ പ്രകാശ ജലത്തിൽ വള്ളം തുഴയുന്നതും മുങ്ങൽ വസ്ത്രങ്ങളണിഞ്ഞ് മുങ്ങിത്തപ്പുന്നതും ബോട്ടപകടം ഉണ്ടാവുന്നതും എല്ലാം അവരുടെ ഭാവനാ സഞ്ചാരങ്ങളാണ്. അസംഭവ്യം എന്നറിഞ്ഞു കൊണ്ടു തന്നെ നമുക്കത് യാഥാർത്ഥ്യം പോലെ ആസ്വദിക്കാനാവുന്നു. ഇങ്ങനെ ആവിഷ്കരിക്കുമ്പോൾ പ്രമേയത്തിന് കൂടുതൽ മിഴിവും ആസ്വാദ്യതയും കിട്ടുന്നു എന്നതാണ് മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതം ഈ കഥയിൽ സ്വീകരിച്ചതിന്റെ മെച്ചം.

( 🌹 ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 🌸 സ്കോർ 8 )

**💡 Q 1 . പ്രകാശം ജലം പോലെയാണ് എന്ന കഥയിലെ മാന്ത്രികരംഗങ്ങൾ ഏതെല്ലാം**

**കഥയുടെ പ്രമേയാവിഷ്കാരത്തിൽ ഈ രംഗങ്ങൾ എത്രത്തോളം പ്രധാനമാണെന്ന് വിശദമാക്കുക.**

✅ കൊളംബിയൻ സാഹിത്യകാരനായ ഗബ്രിയേൽ ഗാർഷ്യ മാർക്വേസ് എഴുതിയ കഥയാണ് ' പ്രകാശം ജലം പോലെയാണ് ' . ഗാബോ എന്ന വിളിപ്പേരുള്ള അദ്ദേഹത്തിന് 1982 ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. ഗാബോയുടെ കൃതികളിലൂടെ മാജിക്കൽ റിയലിസം എന്ന രചനാ സങ്കേതം ലോകമെങ്ങും പ്രചരിച്ചു. ലാറ്റിനമേരിക്കയുടെ ചരിത്രവും വർത്തമാനവുമാണ് ഗാബോയുടെ കൃതികളിലെ മാന്ത്രിക യാഥാർത്ഥ്യങ്ങളിൽ ഒളിഞ്ഞ് കിടക്കുന്നത്.

അച്ഛനമ്മമാരോടൊപ്പം കാഡ്ജിനെ എന്ന കൊളംബിയൻ തുറമുഖ പട്ടണത്തിൽ നിന്ന് സ്പെയിനിലെ പരിഷ്കൃതനഗരമായ മാഡ്രിഡിലേക്ക് കുടിയേറേണ്ടി വന്നവരാണ് ടോട്ടോ, ജോവൽ എന്നീ കുട്ടികൾ.

കടലോരവും വള്ളവും കളിയിടങ്ങളും ഉണ്ടായിരുന്ന കാഡ്ജിനെ വിട്ട് മാഡ്രിഡ് നഗരത്തിലെ കുടുസു ഫ്ലാറ്റിലേക്ക് കുടിയേറേണ്ടി വന്നത് കുട്ടികളിൽ വലിയ നഷ്ടബോധവും സംഘർഷവും സൃഷ്ടിച്ചു. കാഡ്ജിനെയിലെ നഷ്ട സൗഭാഗ്യങ്ങൾ തിരികെ പിടിക്കാൻ കുട്ടികൾ നടത്തുന്ന ശ്രമമാണ് കഥയുടെ മുഖ്യ പ്രമേയം. അവർ ഭാവനയിലൂടെ മാഡ്രിഡിലെ ഇടുങ്ങിയ ഫ്ലാറ്റിൽ കാഡ്ജിനെ പുനഃസൃഷ്ടിക്കുന്നു.ഇവിടെയാണ് കഥയിൽ മാന്ത്രിക രംഗങ്ങൾ ഉള്ളത്.

മൂന്ന് മാന്ത്രികരംഗങ്ങളാണ് കഥയിൽ ഉള്ളത്. അച്ഛനമ്മമാർ ഇല്ലാത്ത നേരത്ത് മുറിയിലെ വൈദ്യുത വിളക്കുകളിൽ ഒന്ന് തുറന്ന് വിട്ട് മുറിയിൽ മൂന്നടി ഉയരത്തിൽ പ്രകാശം നിറച്ചതിന് ശേഷം കുട്ടികൾ അതിൽ തങ്ങളുടെ കളിവള്ളം തുഴഞ്ഞ് രസിക്കുന്നതാണ് ആദ്യ മാന്ത്രിക രംഗം .

കൂടുതൽ പ്രകാശം തുറന്ന് വിട്ട് മുറിയിൽ പന്ത്രണ്ടടി ആഴമുള്ള പ്രകാശ ജലാശയം സൃഷ്ടിച്ച് അതിൽ മുങ്ങിത്തപ്പി നിധികൾ പലതും കണ്ടെടുക്കുന്നതാണ് രണ്ടാമത്തെ മാന്ത്രിക രംഗം.

കൂട്ടുകാരുമൊത്തുള്ള വിരുന്നിൽ വച്ച് ആ വീട്ടിലെ എല്ലാ വിളക്കുകളും ഒന്നിച്ച് തുറന്ന് വിട്ട് പ്രകാശ പ്രളയം സൃഷ്ടിക്കുന്നതാണ് മൂന്നാമത്തെ മാന്ത്രിക രംഗം. ആ പ്രളയത്തിൽ അവരുടെ ബോട്ട് മറിഞ്ഞ് കൂട്ടുകാരെല്ലാം മരിക്കുകയും അവിടമാകെ പ്രകാശത്തിന്റെ ചതുപ്പാവുകയും ചെയ്തു. പ്രളയപ്രകാശം മാഡ്രിഡ് നഗരത്തെയും മുക്കിക്കളഞ്ഞു.

ഈ മൂന്ന് മാന്ത്രിക രംഗങ്ങളിലൂടെ തങ്ങളുടെ നഷ്ട സൗഭാഗ്യങ്ങൾ വീണ്ടെടുക്കാൻ കുട്ടികൾ നടത്തുന്ന ശ്രമങ്ങളാണ് ഗാബോ അവതരിപ്പിക്കുന്നത്. പ്രകാശം ജലം പോലെയാണെന്ന് ആഖ്യാതാവ് നടത്തിയ പരാമർശമാണ് ഈ ഭാവനാ സഞ്ചാരത്തിന് കുട്ടികൾക്ക് പ്രേരണയായത്. വെള്ളവും കടലോരവും വള്ളവും കളിയിടങ്ങളും നഷ്ടപ്പെട്ട കുട്ടികൾ ഭാവനയിലൂടെ അവ വീണ്ടെടുക്കുന്നു. ആ വീണ്ടെടുപ്പാണ് കഥയിലെ മാന്ത്രിക രംഗങ്ങളിലൂടെ ആവിഷ്കരിക്കുന്നത്.

യാഥാർത്ഥ്യത്തെ മാന്ത്രിക രംഗങ്ങളിലൂടെ അവതരിപ്പിക്കുന്ന മാജിക്കൽ റിയലിസമാണ് ഇവിടെ പ്രമേയാവിഷ്കാരത്തെ കൂടുതൽ സുന്ദരമാക്കുന്നത് .

വിശ്രുതചിത്രകാരൻ സാൽവദോർ ദാലിയുടെ 'The Persistence of Memory' എന്ന പെയിന്റിങ്ങാണിത്.
ചിത്രത്തിന് വ്യാഖ്യാനം തയാറാക്കുക.



**സർറിയലിസം**

മുൻധാരണയെയും യുക്തിയെയും ഉപേക്ഷിച്ചുകൊണ്ട് ഉപബോധതലത്തെ ചിത്രീകരിക്കാനുദ്ദേശിച്ചുള്ള കലാപ്രസ്ഥാനം. പ്രതീകങ്ങളിലൂടെ ഉപബോധമനസ്സിന്റെ വ്യാപാരങ്ങളെ അവതരിപ്പിക്കുന്നു. പരസ്പരവിരുദ്ധങ്ങളായ പ്രതീകങ്ങളെ കൂട്ടിച്ചേർക്കുമ്പോൾ സാമാന്യബുദ്ധി അടിസ്ഥാനമാക്കിയുള്ള അർഥങ്ങൾക്ക് വ്യതിയാനം സംഭവിക്കുന്നു.

*-ആർ. രവീന്ദ്രനാഥ്*
*(ചിത്രകല ഒരു സമഗ്രപഠനം)*

**സാൽവദോർ ദാലി - വിക്കിപീഡിയ Link**

☑ സർറിയലിസത്തിന്റെ ഉത്തമ മാതൃകയാണ് ഈ ചിത്രം.
വസ്തുവിന്റെ രൂപത്തിൽ ഘടനാപരമായ പൊളിച്ചെഴുത്ത് നടത്തുന്നു.
സാമാന്യബോധത്തിനപ്പുറമുള്ള അതിയാഥാർഥ്യത്തിന്റെ തലത്തിലേക്ക് ഉയരുന്ന ചിത്രരചനാ രീതി.
ഇതിലെ ഘടികാരം മൂർത്തമായ ഒരു രൂപമല്ല.
ഘടികാരത്തെ അതിന്റെ പതിവു രൂപവിതാനത്തിൽ നിന്ന് മാറ്റി ചിത്രീകരിച്ചിരിക്കുന്നു.
സമയം, പരിമിതമായ ഒരു വൃത്തത്തിനകത്തു മാത്രം ബാധകമാകുന്ന ഒന്നല്ല. അതിന് ഒരു ചട്ടക്കൂടിന്റെയും ആവശ്യമില്ല.

### മാജിക്കൽ റിയലിസം (Magical realism)

മാർക്വെസിന്റെ "Chronicle of a Death Fortold" എന്ന നോവലിൽനിന്ന് ഒരു സന്ദർഭമെടുത്ത് മാജിക്കൽ റിയലിസമെന്തെന്ന് വിവരിക്കാം. ഈ നോവലിലെ ഒരു കഥാപാത്രമായ 'സാന്തിയാഗോ നാസർ' തങ്ങളുടെ പെങ്ങളെ പിഴപ്പിച്ചുവെന്ന് രണ്ടു സഹോദരങ്ങൾക്ക് ഉറപ്പാകുന്നു. അവരിലൊരുത്തൻ നാസറുടെ കൈകളിലൊന്നിലേക്ക് കത്തി താഴ്ത്തുന്നു. ചോര ലേശവും പുറത്തു വരുന്നില്ല. പിന്നീട് കത്തികൊണ്ട് വയറ്റിൽ കുത്തുന്നു. നാസറിന്റെ കുടൽമാല പുറത്തെത്തുന്നു. എന്നാൽ അയാൾ കുടലിൽ പറ്റിയ അഴുക്ക് തുടച്ചുമാറ്റുന്നതായി നോവലിൽ കാണുന്നു. ഇതൊരു അദ്ഭുതകഥയായി നമുക്കു തോന്നാം. എന്നാൽ മാർക്വെസിന്റെ കഥയ്ക്കകത്ത് ഒരു യാഥാർഥ്യമൊളിഞ്ഞിരിപ്പുണ്ട്. സാന്തിയാഗോ നാസർ ആരെയും പിഴപ്പിച്ചിട്ടില്ല എന്നതാണത്. അയാൾ നിരപരാധിയാണ്. ഈ നിരപരാധിത്വം എന്ന യാഥാർഥ്യം അവതരിപ്പിക്കുന്നതിനാണ് കത്തി കയറിയപ്പോൾ ചോര വന്നില്ലെന്നും കുടലിലെ അഴുക്ക് തുടച്ചുമാറ്റിയെന്നും പറഞ്ഞത്. ഒറ്റനോട്ടത്തിൽ ഈ രണ്ടു കാര്യങ്ങളിലും അദ്ഭുതവും മാന്ത്രികതയുമുണ്ട്. ഈ മാന്ത്രികമായ അവതരണം യാഥാർഥ്യത്തെ കൂടുതൽ മിഴിവോടെ ആവിഷ്കരിക്കാനുള്ള ഒരുപാധിയായി മാറുകയാണ്. അസംഭവ്യമാണിതെല്ലാമെന്ന് നമുക്കറിയാം. പക്ഷേ, ഇവയെല്ലാം സ്വാഭാവികമായി സംഭവിച്ചതായി മാർക്വെസ് അവതരിപ്പിക്കുന്നു. നിത്യജീവിതത്തിലെ യഥാർഥ വ്യക്തികളും സംഭവങ്ങളുമാണിവിടെ പ്രമേയം. എന്നാൽ അവതരണത്തിലാണ് അവ മാന്ത്രികതയിലേക്ക് അനായാസം നീങ്ങുന്നത്.

### ഗബ്രിയേൽ ഗാർസിയ മാർക്വെസ് (1927-2014)



ഇതിഹാസസമാനമായ സാഹിത്യജീവിതത്തിലൂടെ ലോകത്തെ സ്വാധീനിച്ച ലാറ്റിനമേരിക്കൻ എഴുത്തുകാരൻ. കൊളംബിയയിലെ അരാക്കറ്റക്കയിൽ ജനിച്ചു. ഗാബോ എന്ന വിളിപ്പേരിലൂടെയാണ് അദ്ദേഹം അറിയപ്പെടുന്നത്. ഒരു മലയാളിഎഴുത്തുകാരനെപ്പോലെയാണ് മാർക്വെസിനെ നാം സ്വീകരിച്ചുപോരുന്നത്. മാജിക്കൽ റിയലിസം എന്ന രചനാസങ്കേതത്തിലൂടെ ലാറ്റിനമേരിക്കയുടെ ചരിത്രത്തെയും വർത്തമാനത്തെയും തന്റെ കൃതികളിൽ അദ്ദേഹം അടയാളപ്പെടുത്തി. 1967ൽ പ്രസിദ്ധീകരിച്ച 'ഏകാന്തതയുടെ നൂറുവർഷങ്ങൾ' എന്ന നോവലാണ് അദ്ദേഹത്തെ പ്രസിദ്ധനാക്കിയത്. ഈ കൃതിക്ക് 1982 ൽ സാഹിത്യത്തിനുള്ള നൊബേൽസമ്മാനം ലഭിച്ചു. മനുഷ്യരാശിയുടെ ഓർമ്മകളുടെ മഹാസമുദ്രങ്ങൾ എന്ന് അദ്ദേഹത്തിന്റെ കൃതികളെ വിശേഷിപ്പിക്കാറുണ്ട്. ലൗ ഇൻ ദ ടൈം ഓഫ് കോളറ, ലീഫ്സ്റ്റോം, ക്രോണിക്കിൾ ഓഫ് എ ഡത്ത് ഫൊർടോൾഡ്, ദ ഓട്ടം ഓഫ് പേട്രിയാർക് എന്നിവ പ്രധാന കൃതികൾ.

✅ **ഈ പാഠത്തിൽ നിന്ന് മുൻ വർഷങ്ങളിൽ വന്ന ചോദ്യങ്ങൾ ചുവടെ ചേർക്കുന്നു .**

**1 . ഗബ്രിയേൽ ഗാർസിയ മാർക്വേസ് രചിച്ച കൃതി?**

– ദ പെഴ്സിസ്റ്റൻസ് ഓഫ് മെമ്മറി

– ഗോദായെ കാത്ത്

– ഏകാന്തതയുടെ നൂറു വർഷങ്ങൾ

– സൂര്യശില

**2 . Light is like water എന്ന ഗബ്രിയേൽ ഗാർസ്യാ മാർക്വെസിന്റെ രചന മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര്? ]**

– സാറാ ജോസഫ്

– ബി എം സുഹറ

– ചന്ദ്രമതി

– പി വത്സല

**3 . ഗബ്രിയേൽ ഗാർസിയ മാർക്വെസ് എന്ന എഴുത്തുകാരന് യോജിക്കുന്നവ പട്ടികപ്പെടുത്തുക.**

– മാജിക്കൽ റിയലിസം

– റൊമാന്റിസിസം

– നൊബേൽ സമ്മാനം

– ചലച്ചിത്ര സംവിധായകൻ

– ഏകാന്തതയുടെ നൂറു വർഷങ്ങൾ

– ഗാബോ

✅ **ഉത്തരങ്ങൾ** – 1. (C) , 2. (C) , 3 . A,C,E,F

## നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതേണ്ടവ ( സ്കോർ – 4 )

✅ **1 . പറിച്ചുനടലുകൾ സൃഷ്ടിച്ച വൈകാരിക പ്രതിസന്ധികളെ ടോട്ടോയും ജോവലും ഭാവന കൊണ്ട് നേരിടുകയാണോ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക**

✅ **2 . കുട്ടികളുടെ മാന്ത്രികമായ ഭാവന മാഡ്രിഡ് നഗരത്തെ കീഴ്പ്പെടുത്തുന്നത് കഥാകൃത്ത് എങ്ങനെയാണ് വർണിച്ചിട്ടുള്ളത് ?**

✅ **3 . " ചെയ്യേണ്ടത് ചെയ്തിട്ട് ഈ പിള്ളേർ ഒരാണി പോലും സമ്മാനമായി വാങ്ങില്ല ". – അമ്മ പറഞ്ഞു . " എന്നാൽ എന്തെങ്കിലും വേണമെന്ന് അവർക്ക് വാശി തോന്നിയാൽ അവർ എന്തും ചെയ്യും . വേണമെങ്കിൽ ടീച്ചറുടെ കസേര പോലും അവർ നേടിയെടുക്കും " – കുട്ടികളെ സംബന്ധിച്ച പൊതു നിരീക്ഷണം ആയി ഈ അഭിപ്രായത്തെ വിലയിരുത്താൻ ആകുമോ ? വ്യക്തമാക്കുക**

✅ **4 . ' പ്രകാശം ജലം പോലെയാണ് ' എന്ന കഥയിലെ അമ്മ കുട്ടികളെ ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ ? കഥാസന്ദർഭങ്ങൾ പരിശോധിച്ച് ലഘുകുറിപ്പ് എഴുതുക**

✅ **5 . നഗരത്തിലെ യാന്ത്രിക ജീവിതത്തെ ഭാവനയിലൂടെ മറികടക്കുന്ന കുട്ടികളാണോ പ്രകാശം ജലം പോലെയാണ് എന്ന കഥയിലുള്ളത് ? അഭിപ്രായം കുറിക്കുക**

## ഒരു പുറത്തിൽ ഉത്തരമെഴുതേണ്ടവ ( സ്കോർ – 6 )

✅ **1 . ' മനുഷ്യ ജീവിതാവസ്ഥകൾ ലോകത്തെവിടെയും ഒന്നാണെന്ന് പരോക്ഷമായി പറഞ്ഞുതരികയാണ് വിവർത്തന കൃതികൾ ചെയ്യുന്നത് ' – പ്രകാശം ജലം പോലെയാണ് – എന്ന കഥ ഈ പ്രസ്താവനയെ സാധൂകരിക്കുന്നുണ്ടോ? വിശദമാക്കുക**

✅ **2 . നാടു വിട്ടു ജീവിക്കുന്നതിന്റെ അസംതൃപ്തികളെ ഭാവനകൊണ്ട് അതിജീവിക്കുന്നതിന്റെ ആവിഷ്കാരമാണോ ' പ്രകാശം ജലം പോലെയാണ് ' എന്ന കഥ ? വിശകലനം ചെയ്യുക**

## ഒന്നരപ്പുറത്തിൽ ഉത്തരമെഴുതേണ്ടവ ( സ്കോർ – 8 )

✅ **1 . ' അഞ്ചാം നിലയിലെ ഫ്ലാറ്റിൽ താമസിക്കുന്ന ടോട്ടോയും ജോവലും തങ്ങൾക്ക് നഷ്ടപ്പെട്ടുപോയ പ്രകൃതി ഭാവനാത്മകമായി തിരിച്ചു പിടിക്കുന്നതിന്റെ കഥയാണ് ' പ്രകാശം ജലം പോലെയാണ് ' എന്നത് .**

**ഈ വിശകലനത്തെ മുൻ നിർത്തി ഉപന്യാസം തയ്യാറാക്കുക.**

തയ്യാറാക്കിയത് : **അജയകുമാർ ബി , ഗവ. HSS , ചുനക്കര , ആലപ്പുഴ ജില്ല )**

പ്രതികരണങ്ങൾ ടെലഗ്രാം ഗ്രൂപ്പിൽ രേഖപ്പെടുത്തുക. Link : https://t.me/hssMalayalamTelegramGroup )

**കണ്ണാടി കാൺമോളവും : നോട്ട് –** ഇവിടെ ക്ലിക്കുക

ഈ പാഠത്തിന്റെ വീഡിയോ ക്ലാസുകൾ : ഇവിടെ ക്ലിക്കുക

അധിക വിവരങ്ങൾക്ക് : ഇവിടെ ക്ലിക്കുക

ഫോക്കസ് ഏരിയയിലെ ക്ലാസുകൾ കാണാൻ : ഇവിടെ ക്ലിക്കുക


**Powered By**

www.epublicatvm.com

Whats App : **79024 79435**